സംഭവദിവസത്തെ സ്ഥലസാന്നിദ്ധ്യത്തെയും അവരുടെ ഫോൺകോൾ വിവരങ്ങൾ ശേഖരിച്ചുംമറ്റും ഈ കേസ് മുനമ്പം പോലീസ് സബ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷിക്കുകയാണ്. ശ്രീ. എസ്. ശർമ്മയുടെ ആവശ്യം, കേസ് ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിക്കണമെന്നുള്ളതുകൊണ്ട് ജില്ലാ ക്രൈം ബ്രാഞ്ചിനെ ഈ കേസ് ഏൽപ്പിച്ച് എത്രയുംവേഗം അന്വേഷിച്ച് പ്രതികളെ കണ്ടെത്താനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. നഷ്ടപരിഹാരത്തിനുള്ള അപേക്ഷ മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ടെങ്കിൽ അത് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഞാൻ അദ്ദേഹവുമായി സംസാരിക്കുന്നതാണ്.

9. അരുണിന്റെ മരണത്തിലെ ദുരൂഹത

<u>ശ്രീ. ബി. സത്യൻ:</u> സർ, വളരെ ഗൗരവമുള്ള വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. എറണാകുളം ജില്ലയിലെ കുന്നത്തുനാട് വടവുകോട് ബ്ലോക്ക് ഓഫീസിനുകീഴിൽ വി.ഇ.ഒ. ആയിരുന്ന എസ്.ആർ. അരുൺ. എസ്. ആർ. അരുണിനെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കുകയും ഒക്ടോബർ മാസം 31-ാം തീയതി ആറ്റിങ്ങൽ അവനവഞ്ചേരിയിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽനിന്നും പോകുകയും നവംബർ മാസം നാലാം തീയതി 11.30 -ന് തന്റെ പിതാവിനെ വിളിച്ച് കാര്യങ്ങൾ സംസാരിക്കുകയും ചെയ്തിരുന്നു. അതിനുശേഷം അരുണുമായി യാതൊരു ബന്ധവുമുണ്ടാകാത്തതിനെതുടർന്ന് 6-ാം തീയതി പുത്തൻകുരിശ് പോലീസ് സ്റ്റേഷനിൽ പിതാവും ബന്ധുക്കളും പരാതി നൽകുകയും അന്വേഷണം എങ്ങുമെത്താത്തതിനെത്തുടർന്ന് കഴിഞ്ഞ നവംബർ മാസം പത്താം തീയതി ഞാൻ അങ്ങേയ്ക്ക് അരുണിന്റെ കുടുംബാംഗങ്ങളോടൊപ്പം വന്ന് പരാതി നൽകുകയും ചെയ്തു. അന്വേഷണത്തിൽ പുരോഗതി ഉണ്ടാകാത്തതിനെത്തുടർന്ന് അങ്ങ് ശക്തിയായ ഇടപെടൽ നടത്തിയെങ്കിലും അരുണിനെ കണ്ടെത്താനായില്ല. ഡിസംബർ മാസം 1-ാം തീയതി വൈകിട്ടോടുകൂടി അരുൺ ജോലിചെയ്തുവന്നിരുന്ന സ്ഥാപനത്തിന് ഏകദേശം അടുത്തുള്ള ഭാഗത്ത് അദ്ദേഹത്തിന്റെ മൃതശരീരം കണ്ടെത്തി. തുടർന്ന് രണ്ടാം തീയതി മൃതശരീരം ശാസ്ത്രീയമായ പരിശോധനയും പോസ്റ്റ്മോർട്ടവും നടത്തി കുടുംബവീട്ടിൽ കൊണ്ടുവന്നു. ആ കുടുംബം വളര പ്രയാസത്തിലാണ്. രണ്ടര വയസ്സ് പ്രായമുള്ള കുഞ്ഞും ഭാര്യയും പിതാവും മാതാവുമടങ്ങിയ കുടുംബമാണത്. എസ്.ആർ. അരുൺ എം.എസ്സി. ബിരുദധാരിയാണ്. ആദ്യം വില്ലേജ്മാനായും അതിനുശേഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായും മത്സരപ്പരീക്ഷകളെഴുതി സർവ്വീസിൽ പ്രവേശിച്ചയാളാണ്. മരണകാരണം എന്താണെന്നതു സംബന്ധിച്ച് അന്വേഷിക്കമെന്നാവശ്യപ്പെട്ട് രക്ഷിതാക്കളും നാട്ടുകാരും മുഖ്യധാരാ രാഷ്ട്രീയകക്ഷികളും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഒരുമിച്ച് ആക്ഷൻ കൗൺസിൽ രൂപീകരിച്ച് ശക്തിയായ പ്രക്ഷോഭ സമരത്തിലാണ്. ഈ വിഷയത്തിൽ ഇടപെടാത്ത ഉദ്യോഗസ്ഥർ കുറവാണ്. എന്നാലും ബന്ധുക്കളും നാട്ടുകാരും രാഷ്ട്രീയ കക്ഷികളും പറയുന്നത് അന്വേഷണത്തിന് ഒരു സ്പെഷ്യൽ ഉദ്യോഗസ്ഥൻ വേണമെന്നാണ്. അന്വേഷിക്കുന്ന ഉദ്യോഗസ്ഥനെ നമുക്ക് സമീപിക്കാൻ കഴിയുന്നില്ല. ഉദ്യോഗസ്ഥനെ അരുണിന്റെ ബന്ധുക്കൾക്കോ നമുക്കോ കണ്ട് കേസിന്റെ പുരോഗതി മനസ്സിലാക്കാൻ സാധിക്കുന്നില്ല. കൂടാതെ അന്വേഷണത്തിന്റെ കാര്യത്തിലും തൃപ്തിയില്ല. അരുൺ ജോലി ചെയ്ത സ്ഥാപനത്തിൽനിന്നും ഏതാണ്ട് 12 കിലോമീറ്റർ അടുത്തുള്ള ചോറ്റാനിക്കര എന്ന സ്ഥലത്തെ പാറമടയിലാണ് മൃതശരീരം കിടന്നത്. തെരഞ്ഞെടുപ്പ് ഡ്യൂട്ടി ചെയ്ത സ്ഥലവും മൃതശരീരം കിടന്ന സ്ഥലവും തമ്മിൽ വലിയ വ്യത്യാസം വരുന്നില്ല. തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കിടയിൽ അപ്രത്യക്ഷനാവുകയും വീണ്ടും ഒരുമാസം കഴിഞ്ഞ് മൃതശരീരം കാണാനിടയാവുകയും ചെയ്ത സാഹചര്യം വളരെ ഗൗരവമായി അന്വേഷിച്ച് അതിന്റെ സത്യസ്ഥിതി പുറത്തുകൊണ്ടുവരാൻ നടപടി സ്വീകരിക്കണം. അരുണിന്റെ കുടുംബത്തിന് സർക്കാരിന്റെ സാമ്പത്തിക സഹായമുണ്ടാകണമെന്നും കൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. നിർഭാഗ്യകരമെന്നു പറയട്ടെ, തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കിടയിലാണ് അദ്ദേഹത്തെ കാണാതായത്. തെരഞ്ഞെടുപ്പ് കമ്മീഷനോ സർക്കാരിന്റെ പ്രതിപുരുഷൻമാരോ സർക്കാർ നിയോഗിച്ച മറ്റ് ബഹുമാന്യരായ ഉദ്യോഗസ്ഥരോ തൃപ്തികരമായ നിലയിൽ കുടുംബത്തെ ആശ്വസിപ്പിക്കാനോ സഹായിക്കാനോ ഇതുവരെയും എത്താത്തതിലുള്ള ഉത്കണ്ഠയും ദു:ഖവുംകൂടി അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നു. കേസന്വേഷിക്കുന്നതിന് ചുമതലപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ ആരാണെന്ന് നിർദ്ദേശിക്കുകയും അതിനനുസരിച്ചുള്ള ഉത്തരവ് ഉണ്ടാകണമെന്നും അപേക്ഷിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):സർ, ഇക്കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സ്കൂളിൽ പ്രവർത്തിച്ച ബാലറ്റ് വിതരണ കേന്ദ്രത്തിൽ ജോലിക്ക് നിയോഗിക്കപ്പെട്ട ആറ്റിങ്ങൽ അവനവഞ്ചേരി നിവാസിയും വടവുകോട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായ 33 വയസ്സുള്ള അരുൺ കുമാറിനെ 4-11-2015-ന് ഉച്ചയ്ക്ക് 12.00 മണിമുതൽ ബാലറ്റ് വിതരണ കേന്ദ്രത്തിൽനിന്ന് കാണാതായ സംഭവവുമായി ബന്ധപ്പെട്ട് വടവുകോട് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറായ ശ്രീ. വി. ആർ. ഷാജിയുടെ പരാതിപ്രകാരം പുത്തൻകുരിശ് പോലീസ് സ്റ്റേഷനിൽ കെ. പി. ആക്ട് 57-ാം വകുപ്പ് പ്രകാരം ക്രൈം 1327/2015 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ

LIBRARY ARCHIVES Kerala Legislative Assembly

കേസിന്റെ അന്വേഷണം പുത്തൻകരിശ് പോലീസ് ഇൻസ്പെക്ടർ നടത്തി വരവെ ചോറ്റാനിക്കര പോലീസ് സ്റ്റേഷൻ പരിധിയിലെ ശാസ്താംമുകൾ ഭാഗത്തെ ഒലിക്കുഴിയിൽ വർഗ്ഗീസ് എന്നയാളുടെ വക പാറമടയിൽ ജീർണ്ണിച്ച നിലയിൽ അരുണിന്റെ മൃതദേഹം കണ്ടെത്തി. റെജി എന്ന പരിസരവാസിയുടെ മൊഴി പ്രകാരം ചോറ്റാനിക്കര പോലീസ് സ്റ്റേഷനിൽ സിആർ. പി. സി 174-ാം വകുപ്പ് പ്രകാരം ക്രൈം 705/2015 ആയി കേസ് രജിസ്റ്റർ ചെയ്തു. മൃതദേഹത്തിലെ വസ്ത്രങ്ങളും മൊബൈൽ ഫോണുംമറ്റും കണ്ട് സഹോദരൻ അനീഷ് ഈ വ്യക്തിയെ തിരിച്ചറിഞ്ഞിട്ടുള്ളതാണ്. തുടർന്ന് ചോറ്റാനിക്കര പോലീസ് സബ് ഇൻസ്പെക്ടർ ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കി ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയിൽ ഫോറൻസിക് വിഭാഗത്തിലയച്ച് പോസ്റ്റ്മോർട്ടം നടത്തുകയുണ്ടായി. മൃതദേഹത്തിന് ഏകദേശം മൂന്നാഴ്ചയിലേറെ പഴക്കമുള്ളതായും wrist ഭാഗത്തെ എല്ലുകൾക്ക് പൊട്ടലുള്ളതായും ബാഹ്യമായ മറ്റ് പരിക്കുകൾ കാണാനില്ലെന്നും ശരീരത്തിൽ സംഭവിച്ച എല്ലുകളുടെ പൊട്ടൽ സാധാരണ വീഴ്ചയിൽ ഉണ്ടാകാവുന്നതാണെന്നും രാസപരിശോധനാ ഫലം വന്നാലേ മരണകാരണം വെളിപ്പെടുത്താനാകുവെന്നും പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറോട് ചോദിച്ചപ്പോൾ പറഞ്ഞിട്ടുള്ളതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സത്യനും അരുണിന്റെ ബന്ധുമിത്രാദികളും അരുണിനെ കാണാതായ സന്ദർഭത്തിൽത്തന്നെ എനിക്ക് പരാതി നൽകിയതാണ്. ഞാൻ എറണാകുളം റൂറൽ എസ്.പി.-ക്ക് അന്വേഷണചുമതല നൽകിയതാണ്. അന്വേഷണത്തിൽ ആളെ കണ്ടെത്താൻ കഴിയാതെ പോയെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. ഈ കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ടി എറണാകുളം റൂറൽ ജില്ലാ ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 4-12-2015 മുതൽ എറണാകുളം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. ഈ കേസ് അന്വേഷിച്ചു വരികയാണ്. മരണത്തിനുപിന്നിലെ ദുരൂഹത കണ്ടെത്താനുള്ള എല്ലാ ശ്രമങ്ങളും ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുകയാണ്. ക്രൈംബ്രാഞ്ച് എറണാകുളം റൂറൽ ഡിവൈ.എസ്.പി.യുമായി നിങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ.യുമായി സംസാരിച്ച ശേഷം ഞാൻ ആ വീട് വൈകാതെതന്നെ സന്ദർശിക്കുന്നതാണ്.

10. ഗ്രൂപ്പ് സർവ്വീസ് എൻ.ടി

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: സർ, കാസർഗോഡ് ജില്ലയിൽ രണ്ട് ബാങ്ക് കൊള്ളകൾ നടക്കുകയുണ്ടായി. ഒന്ന്, ചെറുവത്തൂരിലെ വിജയാ ബാങ്കും മറ്റൊന്ന്, കാസർഗോഡ് കടിഞ്ഞൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുമാണ്.